**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2186** **30-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരെ നാമനിർദ്ദേശം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു സീറ്റിലേക്ക് ഭിന്നശേഷിക്കാരെ നാമനിർദ്ദേശം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡിഫറന്റ്ലി ഏബിൾഡ് പീപ്പിൾസ് കോൺഗ്രസ് കമ്മിറ്റി 12.3.25 ന് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കേരള പഞ്ചായത്ത് രാജ്/ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ ങ്ങൾക്കും വനിതകൾക്കുമാണ് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. പട്ടികജാതി, പട്ടികവർഗ്ഗങ്ങൾക്ക് ജനസംഖ്യാനുപാതികമായും വനിതകൾക്ക് ആകെ സ്ഥാനങ്ങളുടെ 50%-ഉം ആണ് സംവരണം നിശ്ചയിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളി ൽ ഭിന്നശേഷിക്കാർക്ക് പ്രാതിനിധ്യം നൽകുന്നതിന് കേരള പഞ്ചായത്ത് രാജ് കേരള മുനിസിപ്പാലിറ്റി നിയമങ്ങളിൽ വ്യവസ്ഥയില്ല. ഭിന്നശേഷിക്കാർക്ക് പ്രാതിനിധ്യം ഏർപ്പെടുത്തേണ്ടതുണ്ടെങ്കി ൽ നിലവിലെ നിയമങ്ങളിൽ ഭേദഗതികൾ ആവശ്യമാണ്. ഇക്കാര്യം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരെ നാമനിർദ്ദേശം ചെയ്യുന്നതിനായി നിയമനിർമാണം നടത്തുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ